18. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് – 1

19. ജലസേചന വകുപ്പ് – 1

20. തൊഴിൽ പരിശീലന വകുപ്പ് – 1

21. പൊതുജന സമ്പർക്ക വകുപ്പ് – 1

22. ഗ്രാമവികസന വകുപ്പ് – 1

23. ദേശീയ സമ്പാദ്യ വകുപ്പ് – 1

(സി) ക്രമക്കേടിന് ഉത്തരവാദികളായവർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്കനടപടി സ്വീകരിക്കുക, സർക്കാരിനു നഷ്ടം വന്ന തുക ഉത്തരവാദികളായ വരിൽനിന്നും തിരിച്ചു പിടിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഭരണവകുപ്പുകളോട് ശുപാർശ ചെയ്തിട്ടുണ്ട്. തുടർനടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്. ഇതിനുവേണ്ടി ഭരണവകുപ്പുകൾക്ക് നിർദ്ദേശങ്ങളും സർക്കുലറുകളും നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്ര ഗവൺമെന്റിൽനിന്നും മറ്റ് സ്ഥാപനങ്ങളിൽനിന്നും പ്രത്യേക പദ്ധതികൾക്ക് കിട്ടുന്ന സാമ്പത്തികസഹായം

30 [967] *ശ്രീമതി മേഴ്സി രവി:*

ശ്രീ. കെ. മുഹമ്മദാലി:

,, വർക്കല കഹാർ:

,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിൽനിന്നും മറ്റ് സ്ഥാപനങ്ങളിൽനിന്നും അവർ നിർദ്ദേശിക്കുന്ന പ്രത്യേക പദ്ധതികൾക്കുവേണ്ടി കിട്ടുന്ന സാമ്പത്തികസഹായത്തിന്റെ വിവരങ്ങൾ ബഡ്ജറ്റിൽ ചേർക്കാറുണ്ടോ;

(ബി) എയ്ഡ്സ് സംബന്ധമായ ചികിത്സയ്ക്കും രോഗവർദ്ധനവ് തടയുന്നതിനും പ്രചരണപ്രവർത്തനങ്ങൾക്കുമായി യു.എൻ.ഒ.-യുടെയോ അതിന്റെ സ്പെഷ്യലൈസ്ഡ് ഏജൻസികളുടെയോ പക്കൽനിന്ന് കിട്ടുന്ന ധനസഹായം, മറ്റ് ഏജൻസികളിൽനിന്ന് കിട്ടുന്ന ധനസഹായം എന്നിവ സംസ്ഥാന സഞ്ചിത നിധിയുടെ ഭാഗമാണോ;

(സി) ആണെങ്കിൽ പ്രസ്തുത ധനസഹായം സംബന്ധിച്ച വിവരങ്ങളും അതിന്റെ വിനിയോഗം സംബന്ധിച്ച കാര്യങ്ങളും ബഡ്ജറ്റിൽ ചേർക്കാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ തുകയുടെ വിനിയോഗം അക്കൗണ്ടന്റ് ജനറൽ ആഡിറ്റിന് വിധേയമാക്കാറുണ്ടോ; ഈ രീതിയിൽ സംസ്ഥാനത്തിന് സഹായധനമായി ലഭിക്കുന്ന വലിയ തുകയുടെയും അതിന്റെ വിനിയോഗത്തെയുംപറ്റി ധനകാര്യ വകുപ്പിന് അറിവുണ്ടോ;

(ഇ) എങ്കിൽ അതേപ്പറ്റി നിയമസഭയ്ക്ക് ആവശ്യമായ വിവരങ്ങൾ നൽകാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര ധനകാര്യ മന്ത്രാലയംവഴി ലഭിക്കുന്ന എല്ലാത്തരം സഹായധനങ്ങളും ബഡ്ജറ്റിൽ ഉൾപ്പെടുത്താറുണ്ട്.

(ബി) യു.എൻ.ഒ യുടെ സ്പെഷ്യലൈസ്ഡ് ഏജൻസികൾ, വിദേശ ഗവൺമെന്റുകൾ, മറ്റ് ഏജൻസികൾ എന്നിവ നേരിട്ട് ഉപയോക്താക്കൾക്ക് നൽകുന്ന തുകകൾ ബഡ്ജറ്റിൽ ഉൾപ്പെടുത്താറില്ല. ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാത്ത തുകകൾ ഒന്നുംതന്നെ സഞ്ചിതനിധിയുടെ ഭാഗമല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്ന തുകയുടെ വിനിയോഗം അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിന് വിധേയമാക്കാറുണ്ട്.

(ഇ) സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്ന തുകകൾ ബഡ്ജറ്റ് പ്രക്രിയയിലൂടെ മാത്രമേ ചെലവഴിക്കപ്പെടുന്നുള്ളൂ.

31-3-2005-ലെ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത

31 [968] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-2005-ലെ കണക്കനുസരിച്ച് സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏഷ്യൻ വികസന ബാങ്കിൽനിന്നും നാളിതുവരെ സംസ്ഥാനത്തിന് എത്ര തുക വായ്പയായി ലഭിച്ചുവെന്നും പ്രസ്തുത തുക ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) എ. ഡി. ബി.യുമായുണ്ടാക്കിയ കരാർപ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട മൊത്തം തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യതകൾ ഏതൊക്കെയാണെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly